# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. കേന്ദ്ര ബജറ്റിനെതിരെ പാർലമെന്റ് പരിസരത്ത് പ്രതിപക്ഷ പ്രതിഷേധം.

**Proceedings are progressing in both the Houses of Parliament. Opposition protests against Union Budget in Parliament premises.**

2. ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലമ്മി ഡൽഹിയിലെത്തി ; വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ, വാണിജ്യമന്ത്രി പിയൂഷ് ഗോയൽ എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

**British Foreign Secretary David Lummy arrived in Delhi; He will meet with External Affairs Minister S. Jaishankar and Commerce Minister Piyush Goyal.**

3. കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തിരച്ചിൽ ഊർജിതം.

**The search for Arjun, a native of Kozhikode, who went missing in a landslide in Karnataka's Shirur, is in full swing.**

4. നേപ്പാൾ തലസ്ഥാനമായ കാഠ്മണ്ഡുവിൽ പറന്നുയരുന്നതിനിടെ വിമാനം തകർന്നുവീണു.

**The plane crashed while taking off from Kathmandu, the capital of Nepal.**

5. പാരീസ് ഒളിമ്പിക്സിന്റെ ഔദ്യോഗിക ഉദ്ഘാടനം മറ്റന്നാൾ. പുരുഷ ഫുട്ബോൾ, റഗ്ബി മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

**The official opening of the Paris Olympics on day after tomorrow. Men's football and rugby matches begin today.**

*********************************

## PARLIAMENT

പാർലമെൻറിന്റെ ഇരുസഭകളുടെയും നടപടികൾ പുരോഗമിക്കുന്നു. ബജറ്റുമായി ബന്ധപ്പെട്ട ചർച്ചകളാണ് നടക്കുന്നത്.

*********************************

## PAR–OPPOSITION PROTEST

കേന്ദ്രബജറ്റിൽ പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളോട് വിവേചനം കാട്ടിയെന്ന് ആരോപിച്ച് ഐ എൻ ഡി ഐ സഖ്യ അംഗങ്ങൾ പാർലമെൻറിന് പുറത്ത് പ്രതിഷേധിച്ചു. എല്ലാ സംസ്ഥാനങ്ങൾക്കും തുല്യ പരിഗണന നൽകണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു. തുക അനുവദിച്ചതിലെ വിവേചനത്തിനെതിരെ പാർലമെൻറിലും പുറത്തും പ്രതിഷേധിക്കുമെന്ന് രാജ്യസഭ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ മാധ്യമങ്ങളോട് പറഞ്ഞു.

*********************************

## NIRMALA SITARAMAN

കേന്ദ്ര ബജറ്റിൽ പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളോട് വിവേചനം കാട്ടിയെന്ന ആരോപണം തള്ളി ധനമന്ത്രി നിർമ്മലാ സീതാരാമൻ. തെറ്റിദ്ധാരണ പരത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നെതന്നും ധനമന്ത്രി പറഞ്ഞു.

*********************************

## BUDGET – USISPF

മൂന്നാം നരേന്ദ്രമോദി സർക്കാറിൻറെ ബജറ്റിനെ പ്രകീർത്തിച്ച് യു എസ്-ഇന്ത്യ തന്ത്രപ്രധാന പങ്കാളിത്ത ഫോറം. ആഭ്യന്തര ഉപഭോക്താക്കളെയും വിദേശ നിക്ഷേപകരെയും പിന്തുണയ്ക്കുന്നതാണ് ബജറ്റെന്ന് യു എസ് ഐ എസ് പി എഫ് പ്രതികരിച്ചു. ഇന്ത്യയിലെ ബിസിനസ് മേഖലയ്ക്ക് ഊർജം പകരുന്നതാണ് ബജറ്റ്. വ്യക്തിഗത, വ്യാവസായിക നികുതി ഇളവുകളും ഗുണം ചെയ്യുമെന്ന് യു എസ് - ഇന്ത്യ തന്ത്രപ്രധാന പങ്കാളിത്ത ഫോറം വെളിപ്പെടുത്തി.

*********************************

## UAE BUDGET REAX

കേന്ദ്ര ബജറ്റിനെ സ്വാഗതം ചെയ്ത് യു എ ഇ-യിലെ ഇന്ത്യൻ സമൂഹം. സാമ്പത്തിക വളർച്ചയ്ക്കും നവീകരണത്തിനും ബജറ്റ് ഉപകരിക്കുമെന്നാണ് ഇന്ത്യൻ സമൂഹം അഭിപ്രായപ്പെടുന്നത്. സ്വർണത്തിൻറെ ഇറക്കുമതി തീരുവ 15 ശതമാനത്തിൽ നിന്ന് ആറ് ശതമാനമായി കുറച്ചതും സ്വാഗതാർഹമാണെന്ന് ഇന്ത്യൻ വംശജർ പറഞ്ഞു.

*********************************

## BUDGET – KHELO INDIA ...INTRO

കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമൻ ഇന്നലെ അവതരിപ്പിച്ച കേന്ദ്ര ബജറ്റിൽ സർക്കാർ ഖേലോ ഇന്ത്യ പരിപാടിക്ക് നീക്കി വച്ചത് 900 കോടി രൂപ. വിശദാംശങ്ങളിലേയ്ക്ക്...

(വോയ്സ്)

*കായിക മേഖലയ്ക്ക് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. മേഖലയ്ക്ക് മൊത്തത്തിൽ നീക്കിവച്ചിട്ടുള്ള 3,442 കോടി രൂപയിലാണ് ഖേലോ ഇന്ത്യയ്ക്കായി 900 കോടി അനുവദിച്ചത്. കഴിഞ്ഞ*

*പ്രാവശ്യം 880 കോടി രൂപയാണ് നീക്കിവച്ചിരുന്നത്. രാജ്യത്ത് താഴെത്തട്ടിൽ നിന്ന് തന്നെ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. പുതിയ കായിക താരങ്ങളെ കണ്ടെത്തുക, രാജ്യവ്യാപകമായി കായിക അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക എന്നിവ ഖേലോ ഇന്ത്യ സാധ്യമാക്കുന്നു. 2018 ലാണ് ഖേലോ ഇന്ത്യ യുവ ഗെയിംസിന് തുടക്കമിട്ടത്. 2020 ൽ ഖേലോ ഇന്ത്യ സർവ്വകലാശാല ഗെയിംസും ഖേലോ ഇന്ത്യ പാരാ ഗെയിംസും പിന്നാലെ ആരംഭിച്ചു. രാജ്യവ്യാപകമായി 100 ലേറെ ഖേലോ ഇന്ത്യ മികവിൻറെ കേന്ദ്രങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ന്യൂസ് ഡസ്ക്, ആകാശവാണി.....*

*********************************

## UK FOREIGN SECRETARY

ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലമ്മി ഡൽഹിയിലെത്തി. വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ , വാണിജ്യമന്ത്രി പിയൂഷ് ഗോയൽ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരുമായി അദ്ദേഹം ചർച്ച നടത്തും. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ഡേവിഡ് ലമ്മി കൂടിക്കാഴ്ച നടത്തും. കെയ്ർ സ്റ്റാമറുടെ നേതൃത്വത്തിലുള്ള ലേബർ പാർട്ടി സർക്കാർ അധികാരമേറ്റശേഷം ഇന്ത്യയിലേക്കുള്ള ആദ്യ ഉന്നതതല സന്ദർശനമാണിത്. തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തൽ, ഇന്ത്യ - യു കെ സ്വതന്ത്ര വ്യാപാര കരാർ എന്നിവ സംബന്ധിച്ചും ചർച്ച ഉണ്ടാകും.

*********************************

## SC- RULES

കോടതിയുടെ പ്രവർത്തന സമയവുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ സുപ്രിംകോടതി ഭേദഗതി വരുത്തി. ഭേദഗതി അനുസരിച്ച്, പുതിയ പ്രവൃത്തി സമയം രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ ആയിരിക്കും. അവധി ദിവസങ്ങളിലും മാസത്തിലെ രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകളിലും കോടതിയുടെ ഓഫീസ്

പ്രവർത്തിക്കില്ലെന്ന് സുപ്രിംകോടതി പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വ്യക്തമാക്കി. ആഗസ്റ്റ് ഒന്നു മുതൽ പുതിയ ചട്ടങ്ങൾ നിലവിൽ വരും.

*********************************

## KEDARNATH– PUSHKAR SINGH DHAMI

ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി കേദാർനാഥ് ക്ഷേത്രത്തിൽ സന്ദർശനം നടത്തി. പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിലയിരുത്തിയ അദ്ദേഹം തീർത്ഥാടകരുടെ യാത്രാ സൗകര്യങ്ങളും പരിശോധിച്ചു.

*********************************

## AMARNATH YATRA – JAMMU

അമർനാഥ് യാത്രയുടെ ഭാഗമായി ജമ്മുവിലെ ഭഗവതി നഗർ യാത്രി നിവാസ് ബേസ് ക്യാമ്പിൽ നിന്ന് 2907 തീർത്ഥാടകരുടെ സംഘം കശ്മീർ താഴ്വരയിലേക്ക് പുറപ്പെട്ടു. ഇന്ന് പുലർച്ചെ 103 വാഹനങ്ങളിലായാണ് തീർഥാടകർ ബേസ് ക്യാമ്പിൽ നിന്ന് പുറപ്പെട്ടത്. 1,134 പേർ ബാൽട്ടൽ ബേസ് ക്യാമ്പിലേക്കും 1773 തീർത്ഥാടകർ പഹൽഗാം ബേസ് ക്യാമ്പിലേക്കുമാണ് എത്തിച്ചേരുക.

*********************************

## KARNATAKA

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തിരച്ചിൽ പുനഃരാരംഭിച്ചു. തിരച്ചിലിൻറെ ഒൻപതാം ദിവസമാണിന്ന്. ബോറിങ് യന്ത്രം എത്തിച്ച് നദിക്കരയിലാണ് ഇപ്പോൾ തിരച്ചിൽ നടത്തുന്നത്.

*********************************

## PARIS OLYMPICS

പാരീസ് ഒളിമ്പിക്സിൽ പുരുഷ ഫുട്ബോൾ, റഗ്ബി മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. മറ്റന്നാൾ ആണ് ഒളിമ്പിക്സിന്റെ ഔദ്യോഗിക ഉദ്ഘാടനം. ഫുട്ബോളിൽ അർജന്റീനയും മൊറോക്കോയും തമ്മിലാണ് ആദ്യ പോരാട്ടം. 6.30നാണ് മത്സരം. രണ്ടാം മത്സരത്തിൽ ഉസ്ബെക്കിസ്ഥാൻ സ്പെയിനിനെ നേരിടും. വൈകുന്നേരം 6.30നാണ് മത്സരങ്ങൾ. അമ്പെയ്ത്ത് മത്സരങ്ങൾക്ക് നാളെ തുടക്കമാകും.

*************************************

## NEPAL FLIGHT CRASH

നേപ്പാൾ തലസ്ഥാനമായ കാഠ്മണ്ഡുവിൽ പറന്നുയരുന്നതിനിടെ വിമാനം തകർന്നുവീണു. ത്രിഭുവൻ അന്താരാഷ്ട്ര വിമാനത്താവളത്തിലാണ് സംഭവം. പൊഖാറയിലേക്ക് പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു വിമാനം. അപകട സമയത്ത് ടെക്നിക്കൽ ജീവനക്കാർ മാത്രമാണ് വിമാനത്തിൽ ഉണ്ടായിരുന്നത് എന്നാണ് വിവരം.

*************************************

## BLINKEN – ASIA VISIT

യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആൻ്റണി ബ്ലിങ്കൻറെ ഏഷ്യൻ രാജ്യങ്ങളിലെ സന്ദർശനം ഇന്ന് ആരംഭിക്കും.എട്ട് ദിവസത്തെ സന്ദർശനമാണ് നടത്തുന്നത്. വിയറ്റ്നാം, ലാവോസ്, ജപ്പാൻ, ഫിലിപ്പീൻസ്, സിംഗപ്പൂർ, മംഗോളിയ ഉൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങൾ ബ്ലിങ്കൻ സന്ദർശിക്കും. ഇന്തോ-പസഫിക് സഖ്യകക്ഷികളുമായും പങ്കാളികളുമായും ബന്ധം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ബ്ലിങ്കൻ്റെ യാത്ര. മേഖലയോടുള്ള അമേരിക്കയുടെ പ്രതിജ്ഞാബദ്ധത ഊട്ടിയുറപ്പിക്കുന്നതാണ് ആൻറണി ബ്ലിങ്കൻറെ സന്ദർശനമെന്നാണ് വിലയിരുത്തൽ.

***********************************

## US SECRET SERVICE RESIGN

യു എസ് സീക്രട്ട് സർവ്വീസ് ഡയറക്ടർ കിംബർലി ഷീറ്റിൽ രാജിവച്ചു. പെൻസിൽവാനിയയിലെ റാലിക്കിടെ മുൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപിനെതിരായ വധശ്രമത്തിൻറെ പേരിൽ വിമർശനം നേരിട്ട പശ്ചാത്തലത്തിലാണ് രാജി. സുരക്ഷാ വീഴ്ച ഉണ്ടായെന്ന് ആരോപണമുയർന്നിരുന്നു. രാജിവയ്ക്കുന്നതായി ഇ-മെയിലിലൂടെ അവർ ഓഫീസിലെ സഹപ്രവർത്തകരെ അറിയിച്ചു.

***********************************

## DAY US-SECRET SERVICE

അമേരിക്കയിൽ, യുഎസ് സീക്രട്ട് സർവ്വീസിൻറെ ആക്ടിംഗ് ചീഫ് ആയി റൊണാൾഡ് എൽ. റോ ജൂനിയർ നിയമിതനായി. ഡയറക്ടർ കിംബർലി ചീറ്റലിന്റെ രാജിയെത്തുടർന്നാണ് നിയമനം. സീക്രട്ട് സർവീസ് ഡെപ്യൂട്ടി ഡയറക്ടറായിരുന്നു റോ. ഹോംലാൻഡ് സെക്യൂരിറ്റി സെക്രട്ടറി അലജാൻഡ്രോ മയോർക്കസാണ് ഇന്നലെ റൊണാൾഡ് എൽ. റോ ജൂനിയറുടെ നിയമനം സ്ഥിരീകരിച്ചത്.

***********************************

## TELANGANA-TB FREE MUNICIPALITIES

തെലങ്കാനയിൽ, സ്വാസ്ഥ്യ നഗരം പദ്ധതിക്ക് കീഴിൽ മുനിസിപ്പാലിറ്റികളെ ക്ഷയരോഗമുക്തമാക്കുന്നതിനുള്ള പ്രവർത്തന മാതൃക അവതരിപ്പിച്ചു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ക്ഷയരോഗബാധിതരുടെ എണ്ണം മൂന്നിലൊന്നായി കുറയ്ക്കാനും മരണനിരക്ക് കുറയ്ക്കാനും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ പീർസാദിഗുഡ, ബോഡുപ്പൽ, പോച്ചാരം മുനിസിപ്പൽ കോർപ്പറേഷനുകളിൽ മാതൃക നടപ്പിലാക്കും. ഇതിന്റെ ഭാഗമായുള്ള 'സ്വാസ്ഥ്യ നഗരം' പദ്ധതിയുടെ ഉദ്ഘാടനം ദേശീയ ആരോഗ്യമിഷൻ മാനേജിംഗ് ഡയറക്ടർ ആർ വി കർണൻ നിർവഹിച്ചു.

***********************************

## HYDERABAD BUILDING FIRE

ഹൈദരാബാദിലെ ദിയാഗുഡയിൽ വെങ്കിടേശ്വര നഗർ കോളനിയിലെ കെട്ടിടത്തിലുണ്ടായ തീപിടിത്തത്തിൽ 10 വയസുകാരി മരിച്ചു. അഞ്ച് പേർക്ക് പരിക്കേറ്റിട്ടുണ്ട്. 20 പേരെ കെട്ടിടത്തിനുള്ളിൽ നിന്ന് രക്ഷപ്പെടുത്തി. ഇന്ന് പുലർച്ചെയായിരുന്നു സംഭവം. കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള ഫർണിച്ചർ ഗോഡൗണിൽ നിന്ന് മുകളിലുള്ള നിലകളിലേക്ക് തീപടരുകയായിരുന്നു. പോലീസും അഗ്നിശമന സേനയും ചേർന്ന് തീ നിയന്ത്രണവിധേയമാക്കി. ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

***********************************

## BJP-RAVI SHANKAR

കേന്ദ്ര ബജറ്റിനെയും നീറ്റ് - യു ജി പരീക്ഷയെയും വിമർശിക്കുന്ന പ്രതിപക്ഷകക്ഷികൾക്കെതിരെ ബി ജെ പി. നീറ്റ് പരീക്ഷയുടെ പരിശുദ്ധി നഷ്ടപ്പെട്ടിട്ടില്ലെന്നാണ് സുപ്രീംകോടതി വ്യക്തമാക്കിയത് എന്ന് ബി ജെ പി വക്താവ് രവിശങ്കർ പ്രസാദ് ചൂണ്ടിക്കാട്ടി. പ്രതിപക്ഷ കക്ഷികൾ ഈ വിഷയത്തിൽ രാജ്യത്ത് തെറ്റിദ്ധാരണ പരത്തിയെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പരീക്ഷയിൽ കൃത്രിമം ഉണ്ടായെന്ന് വ്യക്തമായപ്പോൾ തന്നെ സർക്കാർ സി ബി ഐ അന്വേഷണത്തിന് ഉത്തരവിട്ടെന്നും ശ്രീ.രവിശങ്കർ പ്രസാദ് പറഞ്ഞു. ബജറ്റ് സമൂഹത്തിലെ എല്ലാവർക്കും വേണ്ടിയാണെന്നും അദ്ദേഹം പറഞ്ഞു..

***********************************

## GOVT - CANCER MEDICINE

അർബുദ മരുന്നുകളുടെ കസ്റ്റംസ് തീരുവ ഒഴിവാക്കി കേന്ദ്രസർക്കാർ. അർബുദ രോഗികൾക്ക് മിതമായ വിലയിൽ മരുന്നുലഭ്യത ഉറപ്പാക്കുന്നതിൻറെ ഭാഗമായാണ് നടപടി. ഇത്തവണത്തെ കേന്ദ്ര ബജറ്റിൽ മൂന്ന് കാൻസർ മരുന്നുകളെ കൂടി കസ്റ്റംസ് തീരുവയിൽ നിന്ന് ഒഴിവാക്കുന്നതായി ഇന്നലെ പാർലമെന്റിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ വ്യക്തമാക്കിയിരുന്നു. സ്തനാർബുദം, ശ്വാസകോശ അർബുദം, ബിലിയറി ട്രാക്റ്റ് ക്യാൻസർ എന്നിവയ്ക്കുള്ള മരുന്നുകളുടെ കസ്റ്റംസ് തീരുവയാണ് ഒഴിവാക്കിയത്. രാജ്യത്തെ 27 ലക്ഷം കാൻസർ രോഗികൾക്ക് ഇത് പ്രയോജനകരമാകുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു. എക്സ്റേ ട്യൂബുകളുടെയും ഫ്ലാറ്റ് പാനൽ ഡിറ്റക്ടറുകളുടെയും കസ്റ്റംസ് ഡ്യൂട്ടി നിരക്കുകളും ധനമന്ത്രി പരിഷ്കരിച്ചതായി മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

*************************************************

## COAL PRODUCTION

2024-25 ൽ ആയിരം ദശലക്ഷം ടണ്ണിലധികം കൽക്കരി ഉൽപ്പാദനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രസർക്കാർ. ഈ മാസം 19 വരെ കൽക്കരി ഉൽപ്പാദനം 294 ദശലക്ഷം ടണ്ണിൽ എത്തിയതായി കേന്ദ്ര കൽക്കരി മന്ത്രാലയം അറിയിച്ചു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 11 ശതമാനം വളർച്ചാ നിരക്കാണ് സൂചിപ്പിക്കുന്നത്. സുസ്ഥിര സാമ്പത്തിക വികസനം ലക്ഷ്യമിട്ട് വിവിധ മേഖലകളിലെ ഊർജ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള മന്ത്രാലയത്തിന്റെ പ്രതിബദ്ധതയാണ് ഇത് വ്യക്തമാക്കുന്നത്.

*************************************************************************************************************************************